## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 499** 09-07-2024 - ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ കുടിശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും എണ്ണൂറ്റി അൻപത് കോടിയിലേറെ രൂപ കുടിശികയിനത്തിൽ വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ടെന്നത് വസ്തുതയാണോ; വിശദമാക്കാമോ; | (എ) | സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും (കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ) കെ.എസ് . ഇ. ബി. എൽ-ന് വൈദ്യുതി കുടിശ്ശികയിനത്തിൽ പലിശ ഒഴികെ **31.03.2024**ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം **846.75** കോടി രൂപ (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം) പിരിഞ്ഞു കിട്ടാനുണ്ട് . പ്രസ്തുത തുകയുടെ വിശദാംശങ്ങൾ **അനുബന്ധമായി I** – ആയി ചേർത്തിട്ടുണ്ട് . |
| (ബി) | പ്രസ്തുത കുടിശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായ സപ്ലൈകോഡ് 2014 റെഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റ പമ്പ് ഹൗസുകൾ, പോലീസ് സ്റ്റേഷനുകളും മറ്റ ഓഫീസുകളും, ഗവൺമെന്റ് ആശുപത്രികൾ കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നു അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറ നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു വരുന്നു. ഇത കൂടാതെ വൈദ്യുതി ബോർഡ കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ കൂടിയു കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. തുടർന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ടി നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.<br><br>കുടിശ്ശിക വരുത്തുന്ന സർക്കാര സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ |

| | | | |
|---|---|---|---|
| | | | സ്റ്റേഷനുകളും മറ്റ് ഓഫീസുകളും, കേരള വാട്ട അതോറിറ്റി പമ്പ് ഹൗസുകൾ, കൃഷി ഭവ ഉപഭോക്താക്കൾ ഇവയുടെ കണക്ഷ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയാ വൈദ്യുതി ബോർഡ് ലിമിറ്റഡി പരിമിതിയുള്ളതിനാൽ ഇത്തരം കുടിശ്ശികക സർക്കാർ ഇടപെടലിൽക്കൂട കാലാകാലങ്ങളിൽ തീർപ്പാക്കി വരുന്ന കേരള വാട്ടർ അതോറിറ്റിയുടെ 31.10.202 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയാ 2068.07 കോടി രൂ (ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി 202 പ്രകാരമുള്ള പലിശ തുക ഉൾപ്പെടെ) 2024-2 സാമ്പത്തിക വർഷം മുതൽ 206.80 കോട രൂപ വീതം പത്ത് തുല്യ വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി. ലിമിറ്റഡി നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട 01.11.2023 മുതലുള്ള വാട്ടർ അതോറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതി Escrow account തുടങ്ങുന്നതിനായ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും കേരള വാട്ട അതോറിറ്റി നാളിതുവരെ Escrow accoun ആരംഭിച്ചിട്ടില്ല.<br><br>വിവിധ സർക്കാർ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള വാട്ട അതോറിറ്റി, പബ്ലിക് ഇൻസ്റ്റിറ്റ്യൂഷൻസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ എന്നിവയുടെ 31/03/2024 വരെയുള്ള വൈദ്യുതി കുടിശ്ശികയുടെ വിശദവിവരങ്ങൾ ട കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായ കെ.എസ്.ഇ.ബി.എൽ ലഭ്യമാക്കിയിട്ടുള്ള സർക്കാർ പരിശോധിച്ച് നടപടി സ്വീകരി വരുന്നു . |
| (സി) | നിലവിൽ വൈദ്യുതി ബോർഡിന് സ്വകാര്യ വ്യക്തികളിൽ നിന്നും കുടിശിക കിട്ടാനുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | **31.03.2024**ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം വൈദ്യുതി ബോർഡിന് സ്വകാര്യ വ്യക്തികളിൽ നിന്നും ലഭിക്കാനുള്ള പലിശ ഒഴികെയുള്ള കുടിശ്ശികയുടെ വിശദവിവരങ്ങൾ (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരമുള്ളത് ) **അനുബന്ധം II** -ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും (കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ ) 31.03.2024 ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം , പലിശ ഒഴികെ കെ. എസ് .ഇ. ബി .എൽ -ന് പിരിഞ്ഞ്കിട്ടാനുള്ള വൈദ്യുതി കുടിശ്ശിക സംബന്ധിച്ച വിശദാംശം.

| സ്ഥാപനം | തുക കോടി രൂപയിൽ |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 172.75 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഒഴികെ) | 338.7 |
| കേരള വാട്ടർ അതോറിറ്റി | 188.29 ഇത് കേരള വാട്ടർ അതോറിറ്റിയുട 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശിക സർക്കാർ ഏറ്റെടുത്തതിനു പുറമെയാണ്. |
| കേന്ദ്രസർക്കാർ വകുപ്പുകൾ | 1.41 |
| കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | 67.39 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 7.27 |
| പൊതു സ്ഥാപനങ്ങൾ | 70.94 |
| **ആകെ** | **846.75** |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം II**

31/03/2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം കെ.എസ്.ഇ.ബി.എൽ -ന് സ്വകാര്യവ്യക്തികളിൽ നിന്നും ലഭിക്കാനുള്ള പലിശ ഒഴികെയുള്ള കുടിശ്ശികയുടെ വിശദാംശം.

| ഇനം | തുക കോടി രൂപയിൽ |
|---|---|
| ഗാർഹികം | 370.86 |
| സ്വകാര്യ സ്ഥാപനങ്ങൾ | 1009.74 |
| ക്യാപ്റ്റീവ് പവർ പ്ലാന്റ്സ് | 67.14 |
| അന്തർ സംസ്ഥാന സ്ഥാപനങ്ങൾ | 2.84 |
| ലൈസൻസി | 13.19 |
| മറ്റിനം | 0.17 |
| **ആകെ** | **1463.94** |

**സെക്ഷൻ ഓഫീസർ**